# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.420

## 03-03-2020 ൽ മറുപടിക്ക്

## 2016-17 ലെ പുതുക്കിയ ബജറ്റിലെ പദ്ധതികൾ

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016-17 ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ജനറൽ ഒബ്ലിക്കേഷൻ ബോണ്ട്സ്, റവന്യൂ ഒബ്ലിക്കേഷൻ ബോണ്ട്സ് എന്നിവ വഴി ധനസമാഹരണം നടത്തുന്നതിനായുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; ഈ പദ്ധതി പ്രകാരം എത്ര തുക സമാഹരിച്ചുവെന്ന് അറിയിക്കാമോ;<br>(ബി) ഓൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്സ്, ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ്, ഇൻഫ്രാസ്ട്രക്ചർ ഡെറ്റ് ഫണ്ട് എന്നിവ വഴി വികസന പ്രവർത്തനങ്ങൾക്ക് പണം സമാഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ജനറൽ ഒബ്ലിക്കേഷൻ ബോണ്ട്സ് വഴി ഇന്ത്യൻ മാർക്കറ്റിൽ നിന്ന് തുക സമാഹരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ വിപണിയിൽ അനുകൂല സാഹചര്യമല്ലാത്തതിനാൽ ഇതു സംബന്ധിച്ച നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. പലിശ നിരക്ക് താരതമ്യേന കുറഞ്ഞ മാർഗ്ഗങ്ങളിലൂടെയുള്ള ധനസമാഹരണത്തിനാണ് കിഫ്ബി മുൻതൂക്കം നൽകുന്നത്. ജനറൽ ഒബ്ലിഗേഷൻ ബോണ്ട്, റവന്യൂ ഒബ്ലിഗേഷൻ ബോണ്ട് എന്നിവയ്ക്ക് വിപണിയിൽ അനുകൂല സാഹചര്യമുണ്ടാകുമ്പോൾ ആവശ്യമെങ്കിൽ ഇത്തരം മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കിഫ്ബി പദ്ധതികളുടെ പ്രാരംഭ നിർവഹണപ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് നിലവിൽ കിഫ്ബിയുടെ പക്കലുള്ളതിനാൽ തുടർന്ന് ഫണ്ട് ആവശ്യമായി വരുന്നത് കണക്കാക്കി അനുകൂല കമ്പോളകാലാവസ്ഥ കണക്കിലെടുത്ത് മാത്രമേ ഓൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെൻറ് ഫണ്ട്, ഇൻവിറ്റ്, ഇൻഫ്രാസ്ട്രക്ചർ ഡെറ്റ് ഫണ്ട് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയുള്ള ധനസമാഹരണം ആരംഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ